(സി) തുക വർദ്ധിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ജില്ലാ താലൂക്ക് വിഭജനത്തിന് നടപടി

3 [1554] ശ്രീ. പുനലൂർ മധു:
,, കെ. എം. സൂപ്പി:
,, കല്ലടി മുഹമ്മദ്:
,, എ. യൂനസ് കുഞ്ഞ്:
,, കെ. കെ. അബു:
,, എം. ജെ. സക്കറിയ:
,, എം. കെ. മുനീർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, ഇസഹാക്ക് കുരിക്കൾ:
,, നാലകത്ത് സൂപ്പി:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകൾ വിഭജിക്കണമെന്ന നിവേദനം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകൾ വിഭജിക്കണമെന്നുള്ള നിവേദനമാണ് കിട്ടിയിട്ടുള്ളത്;

(സി) അവയിൻമേൽ എന്തു നടപടി എടുത്തു;

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ താലൂക്കുകൾ വിഭജിച്ചിട്ടുണ്ട്;

(ഇ) അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇനിയും പുതിയ താലൂക്കുകൾ വിഭജിക്കാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ജി) സംസ്ഥാനത്തെ ജില്ലകൾ വിഭജിക്കണമെന്ന അപേക്ഷകൾ ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകൾ വിഭജിക്കണമെന്ന അപേക്ഷകളാണ് പരിഗണിക്കുന്നത്;

(ഐ) ഇതിൻമേലുള്ള അന്തിമതീരുമാനം എന്നേയ്ക്ക് കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മിക്കവാറും എല്ലാ താലൂക്കുകളും വിഭജിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകളും നിരവധി നിവേദനങ്ങളും നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ മേൽനടപടി സ്വീകരിക്കുന്നതിന് നിവേദനങ്ങളും, വില്ലേജുകളും, താലൂക്കുകളും, റവന്യൂ ഡിവിഷൻ എന്നിവയുടെ പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് നിയോഗിച്ചിരിക്കുന്ന കമ്മീഷനു കൈമാറിയിട്ടുണ്ട്.

(ഡി, ഇ) ഏറനാട്, തിരൂർ എന്നീ താലൂക്കുകളും വിഭജിച്ച് നിലമ്പൂർ, തിരൂരങ്ങാടി താലൂക്കുകളും രൂപീകരിക്കുകയുണ്ടായി.

(എഫ്) തൽക്കാലം ഇല്ല.

(ജി) ഇല്ല.

(എച്ച്, ഐ) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യഭൂമി ഏറെടുത്തിട്ടും നഷ്ടപരിഹാരം നൽകാത്തതായി പരാതി

4 [1555] ശ്രീ. ടി. കെ. ഹംസ:
,, സി. പി. ബാലൻ വൈദ്യർ:
,, ടി. ചാത്തു:
,, ഇ. പി. ജയരാജൻ:
,, വർക്കല രാധാകൃഷ്ണൻ:
,, ബി. രാഘവൻ:
,, ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമി സർക്കാർ ഏറെടുത്തിട്ടും നഷ്ടപരിഹാരം നൽകാത്തതായി എത്ര കേസുകളും നിലവിലുണ്ട്;

(ബി) നഷ്ടപരിഹാരത്തുക നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് എത്ര അപേക്ഷകളും ലഭിച്ചിട്ടുണ്ട്;

(സി) എത്ര കേസുകളിൽ കോടതികളിൽ നിന്ന് സർക്കാരിനു നോട്ടീസ് നൽകിയിട്ടുണ്ട്;

(ഡി) കോടതിയിൽനിന്നും നോട്ടീസ് നൽകിയിട്ടും ബന്ധപ്പെട്ടവർക്ക് പണം നൽകാത്തതിനെത്തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ വാഹനങ്ങളും ജപ്തി ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പണം നൽകിയിട്ടുണ്ട്; മൊത്തം എന്തു തുക ഇതിനകം നൽകിയിട്ടുണ്ട്;

(ഇ) 1986-ൽ കഴക്കൂട്ടത്ത് ഭാരത് പെട്രോളിയത്തിന്റെ പാചക വാതക പ്ലാന്റ് സ്ഥാപിക്കാൻ എത്ര ഏക്കർ സ്ഥലമാണ് ഏറെടുത്തത്;

LIBRARY ARCHIVES Kerala Legislative Assembly